# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 967 01.03.2017 -ൽ മറുപടിയ്ക്ക്

**ഭൂഗർഭ കിണറുകളുടെ നിർമാണം**

**ചോദ്യം** **മറുപടി**

ശ്രീമതി. പി. അയിഷാ പോറ്റി മാത്യു ടി. തോമസ് (ജലവിഭവ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂഗർഭ കിണറുകളുടെ നിർമ്മാണത്തിന് ഏതെല്ലാം അധികാരികളുടെ അനുമതി ആവശ്യമാണ്; | എ) | കുഴൽകിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജലവകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഭൂജല സർവ്വേ നടത്തി കുഴൽകിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2011 -ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ അധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് അതാതു പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജലവകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്. |
| ബി) | ഭൂഗർഭജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്നതിന് അനിയന്ത്രിതമായ കുഴൽകിണർ നിർമ്മാണം കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് മഴയിലുണ്ടായ കുറവാണ് ഭൂജലവിതാനത്തിൽ ക്രമാതീതമായ കുറവ് സംഭവിക്കാൻ കാരണം. |
| സി) | ഭൂഗർഭ കിണറുകളുടെ നിർമ്മാണത്തിന് അനുവാദം നൽകുന്നതിന് ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ